✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1164

# സൂറ-41 / ഹാമീം അസ്സജദ - ഫുസ്സ്വിലത്

## സൂക്തം: 10-12

യോഗ്യതയിലും ശക്തിയിലും മനുഷ്യർക്കിടയിലുള്ള വൈവിധ്യങ്ങളും വൈജാത്യങ്ങളും ഏറ്റക്കുറവുകളും അല്ലാഹു നിശ്ചയിച്ച പ്രകൃതിയുടെ ഭാഗമാണ്. മനുഷ്യൻ പരസ്പരം അറിയാനും സഹകരിക്കാനും, ഒന്നിച്ചു പ്രവർത്തിച്ചു വികാസത്തിന്റെ പടികൾ ചവിട്ടക്കയറി പുരോഗമിക്കാനും ഈ വൈവിധ്യങ്ങളും വൈജാത്യങ്ങളും അനിവാര്യമാകുന്നു.

وَجَعَلَ فِيهَا رَوَٰسِىَ مِن فَوْقِهَا وَبَٰرَكَ فِيهَا وَقَدَّرَ فِيهَآ أَقْوَٰتَهَا فِىٓ أَرْبَعَةِ أَيَّامٍ سَوَآءً لِّلسَّآئِلِينَ ﴿١٠﴾

10. ആ സത്യദൈവം തന്നെയാണ് നാലു നാളിലായി ഭൂമിയിൽ മീതെനിന്ന് പർവതങ്ങളുറപ്പിച്ചതും അതിൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞതും സൃഷ്ടികളുടെ ആവശ്യത്തിനൊത്ത് ആഹാരങ്ങൾ സജ്ജീകരിച്ചു വെച്ചതും.

**10**

وَجَعَلَ فِيهَا = അവൻ അതിൽ ഉണ്ടാക്കി (ആ സത്യ ദൈവം തന്നെയാകുന്നു ഭൂമിയിൽ ഉറപ്പിച്ചതും)

رَوَاسِيَ مِن فَوْقِهَا = അതിന്റെ മീതെനിന്ന് പർവതങ്ങൾ

وَبَارَكَ فِيهَا = അവൻ അതിൽ അനുഗ്രഹിച്ചു (ഗ്രഹങ്ങൾ ചൊരിഞ്ഞതും)

وَقَدَّرَ فِيهَا أَقْوَاتَهَا = അതിന്റെ ആഹാരങ്ങൾ അതിൽ കണക്കാക്കിയതും (ആഹാരങ്ങൾ സജ്ജീകരിച്ചു വെച്ചതും)

فِي أَرْبَعَةِ أَيَّامٍ = നാലു നാളുകളിലായിട്ട് سَوَاءً لِّلسَّائِلِينَ = ചോദിക്കുന്നവർക്ക് സമമായി (സൃഷ്ടികളുടെ ആവശ്യത്തിനൊത്ത്)

അനന്തരം സൗരയൂഥം സംവിധാനിച്ചു. അതിലെ ഗോളങ്ങളെ നിശ്ചിത ഭ്രമണപഥത്തിൽ സ്ഥാപിച്ച് സൂര്യകേന്ദ്രീകൃതമായി കറക്കിത്തുടങ്ങുകയും ചെയ്തു. അപ്പോഴാണ് രാപ്പകലുകളുണ്ടായത്. ഭൂമി സന്തുലിതമായി നിലനിൽക്കുന്നതിനുവേണ്ടി അതിൽ പർവതങ്ങൾ ഉറപ്പിക്കുകയും ചെയ്തു. ആണിയും തൂണും മലയും നങ്കൂരവുമൊക്കെയായ رَاسِي-യുടെ ബഹുവചനമാണ് رَوَاسِي. ഭൂമിയിൽ പർവതങ്ങളുണ്ടാക്കിയത് അതു നിങ്ങളെയും കൊണ്ട് ഉലയാതിരിക്കാനാകുന്നു وَأَلْقَىٰ فِي الْأَرْضِ رَوَاسِيَ أَن تَمِيدَ بِكُمْ എന്ന് (31:10)ൽ പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹുവിങ്കലുള്ള ദിവസത്തിന്റെ ദൈർഘ്യം *ഖുർആൻ ബോധനം* 32:5 സൂക്തത്തിനു താഴെയും, വാനലോകത്തിന്റെയും ഭൂലോകത്തിന്റെയും കൂടിച്ചേർന്ന അവസ്ഥയെക്കുറിച്ച് 21:30-ാം സൂക്തത്തിനു താഴെയും, ഭൂമിയിൽ പർവതങ്ങളുറപ്പിച്ചത് 31:10-നു താഴെയും ചർച്ച ചെയ്തിരിക്കുന്നു.

പർവതങ്ങളുറപ്പിച്ച് ഭൂമിയുടെ നിലനിൽപ്പ് സന്തുലിതമാക്കിയതോടൊപ്പം അല്ലാഹു അതിൽ അവന്റെ അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്തു وَبَارَكَ فِيهَا. ഭൂമിയിൽ മനുഷ്യൻ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ്. അതിൽ ഏറ്റം പ്രധാനം ജലസാന്നിധ്യമാണ്. മറ്റു ഗ്രഹങ്ങൾക്കില്ലാത്ത ഒരനുഗ്രഹമാണ് ജലസാന്നിധ്യം. ചന്ദ്രൻ, ചൊവ്വ തുടങ്ങിയ ചില ഗ്രഹങ്ങളിൽ ആധുനിക ഗോളശാസ്ത്രജ്ഞർ ജലസാന്നിധ്യം അനുമാനിക്കുന്നുണ്ടെങ്കിലും അത് ഖണ്ഡിതമായ തെളിവുകൾകൊണ്ട് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ജലസാന്നിധ്യം അനുമാനിക്കപ്പെടുന്ന ഭൗമേതര ഗ്രഹങ്ങളിൽ സസ്യലതാദികളും ജന്തുജാലങ്ങളും

വാഴുന്നതായി പറയുന്നുമില്ല. അവയിൽ ജലം ഉണ്ടെങ്കിൽ തന്നെ ആ ജലം ജീവജലമല്ല എന്നാണതു സൂചിപ്പിക്കുന്നത്. ഭൂമിയിൽ ഉളവാക്കപ്പെട്ട ജലം ജീവോൽപത്തിയുടെ കേന്ദ്രമാണ്. 21:30-ൽ അല്ലാഹു പ്രസ്താവിച്ചു: وَجَعَلْنَا مِنَ الْمَاءِ كُلَّ شَيْءٍ حَيٍّ (ജലത്തിൽനിന്ന് നാം ജൈവവസ്തുക്കളെയൊക്കെയും ഉളവാക്കിയിരിക്കുന്നു). മണ്ണിനെ ബഹുവിധ സസ്യങ്ങളും വൃക്ഷങ്ങളും മുളച്ചുവരാൻ പാകത്തിൽ ഉർവരമാക്കിയതും മഹാനുഗ്രഹമാണ്. മണ്ണിനു മുകളിൽ പ്രാണവായുവിന്റെയും, ഫലങ്ങളും ധാന്യങ്ങളും നിറഞ്ഞ സസ്യലതാദികളുടെയും, മണ്ണിനടിയിൽ ബഹുവിധ ലോഹങ്ങളുടെയും രത്നങ്ങളുടെയും പെട്രോളിയം, കൽക്കരി തുടങ്ങിയ ഭൂഗർഭ വിഭവങ്ങളുടെയും ഖനികൾ- അങ്ങനെ സകല ജൈവപദാർഥങ്ങൾക്കും ആവശ്യമുള്ളതെല്ലാം ഭൂമിയിൽ സജ്ജീകരിച്ചിരിക്കുന്നു. قوت (ആഹാരം) ന്റെ ബഹുവചനമാണ് أَقْوَات. അളന്നു കണക്കാക്കലും നിശ്ചിത ഗുണഗണങ്ങളോടെ സംവിധാനിക്കലുമായ تقدير-ൽ നിന്നുള്ള ഭൂതകാല ക്രിയയാണ് قَدَّرَ. സൃഷ്ടികൾക്കു വേണ്ട വിഭവങ്ങൾ കൃത്യമായ കണക്കിൽ ഭൂമിയിൽ നിക്ഷേപിച്ചു എന്നാണ് وَقَدَّرَ فِيهَا أَقْوَاتَهَا യുടെ താൽപര്യം. തുല്യവും സമവും തോതൊത്തതും പാകമായതുമൊക്കെ سَوَاء ആണ്. യാചകനും ചോദ്യകർത്താവിനും ആവശ്യക്കാരനും سائل എന്നു പറയും. سَائِلِين അതിന്റെ ബഹുവചനം. ജീവിതാവശ്യങ്ങൾക്കുള്ള വിഭവങ്ങൾ തേടുന്നവർ ആണ് ഇവിടെ ഉദ്ദേശ്യം. ഓരോ സൃഷ്ടിക്കും അതിന്റെ ജീവിതാവശ്യങ്ങൾക്കൊത്ത വിഭവങ്ങളെല്ലാം അല്ലാഹു ഭൂമിയിൽ സജ്ജീകരിച്ചിരിക്കുന്നു എന്നാണ് سَوَاءً لِّلسَّائِلِينَ-ന്റെ താൽപര്യം. ഈ വിഭവങ്ങൾ ചില സൃഷ്ടികൾക്ക് ആവശ്യമായ അളവിൽ ലഭ്യമാകുന്നില്ലെങ്കിൽ അത് വിഭവ വിതരണത്തിൽ സൃഷ്ടികൾ അന്യായമായി ഇടപെടുന്നതുകൊണ്ടാണ്. ചിലർ അധികവിഭവങ്ങൾ ശേഖരിച്ച് ആവശ്യക്കാർക്ക് നൽകാതെ കുത്തകയാക്കി വെക്കുന്നു. വംശത്തിന്റെയും ദേശത്തിന്റെയും പേരിൽ ചിലർക്ക് വിഭവങ്ങൾ തടയപ്പെടുന്നു. ഒരു വശത്ത് ആളുകൾ വിശന്നു മരിക്കുമ്പോൾ മറുവശത്ത് ധാന്യങ്ങളുടെ വിലനിലവാരം സംരക്ഷിക്കാൻ ഭക്ഷ്യ ധാന്യങ്ങൾ കടലിൽ താഴ്ത്തുന്നു. ചിലർ ധൂർത്തിലൂടെയും പാഴ്ചെലവിലൂടെയുമാണ് പാവങ്ങൾക്കിടയിൽ തങ്ങളുടെ അന്തസ്സും പ്രതാപവും പ്രകടിപ്പിക്കുന്നത്. വിഭവശേഖരണ-വിതരണങ്ങളിലെ ഇത്തരം അന്യായ ഇടപെടലുകൾ ഒഴിവാക്കിയാൽ എല്ലാവരുടെയും ആവശ്യത്തിനുള്ള വിഭവങ്ങൾ ഭൂമിയിൽ ഉണ്ടായിരിക്കും.

سَوَاءً لِّلسَّائِلِينَ നെ സ്ഥിതിസമത്വവാദത്തിനുള്ള ഖുർആനിക പ്രമാണമായി, കമ്യൂണിസത്തിൽ ആകൃഷ്ടരായ പണ്ഡിതന്മാർ ഉന്നയിക്കാറുണ്ട്. എന്നാൽ ഖുർആൻ ഇവിടെ സംസാരിക്കുന്നത് എല്ലാ സൃഷ്ടികൾക്കും ആവശ്യമായ വിഭവങ്ങൾ ഭൂമിയിൽ സജ്ജീകരിച്ചിട്ടുള്ളതിനെക്കുറിച്ചാണ്. കമ്യൂണിസം പറയുന്നതാകട്ടെ ഭൗതിക സമ്പത്തിലുള്ള മനുഷ്യരുടെ തുല്യമായ ഉടമാവകാശത്തെക്കുറിച്ചാണ്. سَوَاءً لِّلسَّائِلِينَ കൊണ്ടുദ്ദേശ്യം സ്ഥിതിസമത്വമാണെങ്കിൽ ആ സമത്വത്തിന്റെ പരിധിയിൽ മനുഷ്യരോടൊപ്പം തിര്യക്കുകളും ഉൾപ്പെടും. അങ്ങനെയൊരു സിദ്ധാന്തം കമ്യൂണിസ്റ്റുകൾക്കും ഇല്ലല്ലോ. ലഭ്യത ഉടമസ്ഥാവകാശത്തിന്റെ പര്യായമല്ല. മാംസഭുക്കുകളുടെ അവശ്യ ജീവിത വിഭവം മറ്റു ജന്തുക്കൾ ആകുന്നു. അതാണ് അല്ലാഹു അവർക്ക് സജ്ജീകരിച്ചിട്ടുള്ള قوت. അതുകൊണ്ട് ഇതര ജീവികളെ പിടിച്ചു തിന്നാൻ മാംസഭുക്കുകൾക്കവകാശമുണ്ട്. ഇതര ജീവികൾക്ക് ജീവിക്കാനാവശ്യമായ വിഭവങ്ങളും അല്ലാഹു സജ്ജീകരിച്ചിട്ടുണ്ട്. അത് ആഹരിച്ച് അവയ്ക്കും ജീവിക്കാം. ഇവിടെ മാംസഭുക്കുകളുടെ ആഹാരാവശ്യവും ഇരകളുടെ ജീവിക്കാനുള്ള അവകാശവും ഏറ്റുമുട്ടുന്നതായി കാണാം. കരയിലും കടലിലുമുള്ള നിരവധി ജീവികളെ ഭക്ഷിച്ചുകൊണ്ടാണ് മനുഷ്യനും ജീവിക്കുന്നത്. ഇതൊന്നും പക്ഷെ ഭൗമ വിഭവങ്ങൾ سَوَاءً لِّلسَّائِلِينَ ആയിരിക്കുന്നതിന് വിരുദ്ധമാകുന്നില്ല.

സമ്പത്തിലുള്ള മനുഷ്യന്റെ അവകാശം അവന്റെ യോഗ്യത, ഉത്തരവാദിത്തം, അധ്വാനം എന്നിങ്ങനെ പല ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസം എല്ലാവരുടെയും അവകാശമാകുന്നു. അത് നേടുക ഉത്തരവാദിത്തവും. ഉത്തരവാദിത്തം അധ്വാനവും, അധ്വാനം യോഗ്യതയും ആവശ്യപ്പെടുന്നു. സാമാന്യബുദ്ധിയാണ് വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന യോഗ്യത. ഉത്തരവാദിത്ത ബോധം വിജ്ഞാന വർധനവിനുവേണ്ടി പ്രവർത്തിക്കാൻ പ്രേരകമാകുന്നു. ഈ കാര്യങ്ങളെല്ലാം ഭംഗിയായി പ്രയോഗിക്കുന്നവർ വിദ്വാന്മാരാകുന്നു. അല്ലാതെ വിദ്യാഭ്യാസം മൗലികാവകാശമായതുകൊണ്ടു മാത്രം ആരും അഭ്യസ്ത വിദ്യരാകുന്നില്ല. ബുദ്ധി കുറഞ്ഞവർക്ക് അറിവു കുറയും. അന്ധന് കണ്ടറിവും ബധിരന് കേട്ടറിവും ഉണ്ടാവില്ല. ഇതുതന്നെയാണ് സാമ്പത്തിക നേട്ടത്തിന്റെയും അവസ്ഥ. എല്ലാവർക്കും ഒരേ അളവിൽ വിദ്വാന്മാരാവാൻ കഴിയാത്തതുപോലെ, ആരോഗ്യവാന്മാരാവാൻ കഴിയാത്തതുപോലെ സമ്പന്നരും ആവാൻ കഴിയില്ല. ഈ കഴിയായ്ക ഇതൊക്കെ ആവാൻ എല്ലാവർക്കും തുല്യമായ അവകാശമുണ്ട് എന്നതിനെ നിഷേധിക്കുന്നുമില്ല.

വിദ്യാഭ്യാസത്തിലായാലും ആരോഗ്യത്തിലായാലും സമത്വം സ്ഥാപിക്കുക അപ്രായോഗികമാണ്. ബലാൽക്കാരം അതു സ്ഥാപിക്കുന്നത് കൃത്രിമവും പ്രകൃതി വിരുദ്ധവുമാകും. അങ്ങനെ സ്ഥാപിക്കുന്ന സമത്വത്തിനു നിലനിൽക്കാനാവില്ല എന്ന സത്യത്തിന് ചരിത്രം സാക്ഷിയാകുന്നു. പ്രായോഗികവും അകൃത്രിമവുമായ സമത്വമാണ് ഖുർആൻ അനുശാസിക്കുന്നത്. ശക്തൻ അശക്തനെ ചൂഷണം ചെയ്യാതിരിക്കുക, കുറവുള്ളവരെ കുറവില്ലാത്തവർ സഹായിക്കുക, അന്ധർക്ക് കാഴ്ചയുള്ളവരും ബധിരർക്ക് കേൾവിയുള്ളവരും തുണയാവുക, രോഗാതുരന്റെ വേദനയും യാതനയും ആരോഗ്യമുള്ളവർ സന്ദർശനം കൊണ്ടും ശുശ്രൂഷ കൊണ്ടും ലഘൂകരിക്കുക, ദരിദ്രരുടെ കഷ്ടതകൾ ധനികരുടെ മിച്ചധനം കൊണ്ട് ലഘൂകരിക്കുക- ഇതെല്ലാം പ്രായോഗിക സമത്വത്തിലേക്കുള്ള മാർഗങ്ങളാണ്.

യോഗ്യതയിലും ശക്തിയിലും മനുഷ്യർക്കിടയിലുള്ള വൈവിധ്യങ്ങളും വൈജാത്യങ്ങളും ഏറ്റക്കുറവുകളും അല്ലാഹു നിശ്ചയിച്ച പ്രകൃതിയുടെ ഭാഗമാണ്. മനുഷ്യൻ പരസ്പരം അറിയാനും സഹകരിക്കാനും, ഒന്നിച്ചു പ്രവർത്തിച്ചു വികാസത്തിന്റെ പടികൾ ചവിട്ടക്കയറി പുരോഗമിക്കാനും ഈ വൈവിധ്യങ്ങളും വൈജാത്യങ്ങളും അനിവാര്യമാകുന്നു. മനുഷ്യരെല്ലാം സമുദ്രത്തിലെ ജലകണങ്ങൾ പോലെ തുല്യ ഗുണങ്ങളുള്ളവരായിരുന്നുവെങ്കിൽ അവർക്കിടയിൽ പരസ്പര സഹകരണവും കൊള്ളക്കൊടുക്കലും പരിവർത്തനവും പുരോഗതിയുമൊക്കെ അപ്രസക്തവും അസാധ്യവുമാകുമായിരുന്നു. അല്ലാഹു എല്ലാവർക്കും എല്ലാം തുല്യമായി നൽകുകയല്ല. ഓരോരുത്തർക്കും അവരുടെ ആവശ്യത്തിനൊത്തതു നൽകുക وَآتَاكُم مِّن كُلِّ مَا سَأَلْتُمُوهُ (നിങ്ങൾക്ക് ആവശ്യമായതൊക്കെയും അവൻ നൽകിയിരിക്കുന്നു -14:34) യാണ്

ചെയ്തിരിക്കുന്നത്.

ചില പണ്ഡിതന്മാർ سَوَاءً لِّلسَّائِلِينَ-നെ തൊട്ടു മുമ്പുള്ള فِي أَرْبَعَةِ أَيَّامٍ-നോടു ബന്ധിപ്പിച്ചുകൊണ്ട് ഇങ്ങനെയും വ്യാഖ്യാനിച്ചിരിക്കുന്നു: പർവതങ്ങളുറപ്പിക്കുക, അനുഗൃഹീതമാക്കുക, ആഹാരം സജ്ജീകരിക്കുക എന്നീ പ്രക്രിയകൾ നടന്നത് ശരിക്കും നാലുനാളിലായിട്ടാണ്. അതിൽ ഏറെയോ കുറവോ ഇല്ല. ഈ പ്രക്രിയ നടന്നത് എത്ര കാലംകൊണ്ടാണെന്നു ചോദിക്കുന്നവർക്കുള്ള കൃത്യമായ മറുപടിയാണിത്. സൂക്തത്തിന്റെ അവതരണ കാലത്തോ അതിനു മുമ്പോ, ഇതൊക്കെ സംഭവിക്കാൻ എത്രകാലമെടുത്തു എന്ന് ആരെങ്കിലും ചോദിച്ചിരുന്നതായി ഒരു സൂചനയുമില്ല. അതുകൊണ്ട് ആരോ ഉന്നയിച്ച ചോദ്യത്തിനുള്ള മറുപടിയായിട്ടാണിതു പറയുന്നതെന്ന വ്യാഖ്യാനം ബാലിശമാണ്. മുൻ സൂക്തത്തിൽ 2 ദിവസം എന്നും, ഈ സൂക്തത്തിൽ നാലുദിവസം എന്നും പറഞ്ഞത് പ്രപഞ്ച സൃഷ്ടിയുടെ ആറു ഘട്ടങ്ങളെയാണെന്ന് കരുതുന്നതാണ് കൂടുതൽ യുക്തം. ●

---

ثُمَّ ٱسْتَوَىٰٓ إِلَى ٱلسَّمَآءِ وَهِىَ دُخَانٌ فَقَالَ لَهَا وَلِلْأَرْضِ ٱئْتِيَا طَوْعًا أَوْ كَرْهًا قَالَتَآ أَتَيْنَا طَآئِعِينَ ﴿١١﴾

11. പിന്നെ, അവൻ പ്രപഞ്ചത്തിലേക്കു തിരിഞ്ഞു. അത് ധൂമമയമായിരുന്നു. ആകാശത്തോടും ഭൂമിയോടും കൽപിച്ചു; സ്വയം സന്നദ്ധമായോ നിർബന്ധിതമായോ ഉണ്ടായി വരുവിൻ. അവ പ്രതികരിച്ചു: ഞങ്ങളിതാ സ്വയം സന്നദ്ധരായി ഉണ്ടായി വന്നിരിക്കുന്നു.

**11**

ثُمَّ = പിന്നെ اسْتَوَىٰ إِلَى السَّمَاءِ = അവൻ ആകാശ (പ്രപഞ്ച)ത്തിലേക്കു ഇരുന്നു (തിരിഞ്ഞു)

وَهِيَ دُخَانٌ = അത് ധൂമമാ(യിരുന്നു)യ നിലയിൽ

فَقَالَ لَهَا وَلِلْأَرْضِ = അതിനോടും(ആകാശത്തോടും) ഭൂമിയോടും അവൻ പറഞ്ഞു (കൽപിച്ചു) ائْتِيَا = രണ്ടും (ഉണ്ടായി) വരുവീൻ

طَوْعًا = സ്വമേധയാ, സ്വയം സന്നദ്ധമായിട്ട് أَوْ كَرْهًا = അല്ലെങ്കിൽ നിർബന്ധിതമായിട്ട്

قَالَتَا = അവ രണ്ടും പറഞ്ഞു (പ്രതികരിച്ചു) أَتَيْنَا = ഞങ്ങൾ (ഇതാ) വന്നു (ഉണ്ടായി വന്നിരിക്കുന്നു)

طَائِعِينَ = സ്വയം സന്നദ്ധരായിട്ട്

ഇവിടെ ثُمَّ -പിന്നെ- എന്ന പദം ഉപയോഗിച്ചിരിക്കുന്നത് സൃഷ്ടി പ്രക്രിയയുടെ കാലക്രമം സൂചിപ്പിക്കാനല്ല. അതു സംബന്ധിച്ച സംസാരത്തിന്റെ ക്രമമാണത് സൂചിപ്പിക്കുന്നത്. മനുഷ്യനുമായും അവന്റെ ജീവിതവുമായും ഏറെ ബന്ധപ്പെട്ടതും സുഗ്രാഹ്യവുമായ ദൃഷ്ടാന്തമെന്ന നിലയിൽ ആദ്യം ഭൂമിയെ കുറിച്ചു പറയുകയായിരുന്നു. രണ്ടു ഘട്ടങ്ങളിലായി ഭൂമി സൃഷ്ടിച്ചതും പിന്നെ നാലു ഘട്ടങ്ങളിലായി അതിനെ പർവതങ്ങളുറപ്പിച്ചു ഭദ്രമാക്കിയതും അതിൽ ദൈവാനുഗ്രഹങ്ങൾ ചൊരിഞ്ഞതും ജൈവ പദാർഥങ്ങൾക്ക് വാഴാൻ ആവശ്യമായ വിഭവങ്ങളും സുന്ദരമായ പ്രകൃതിയും സജ്ജീകരിച്ച് ഫർണിഷ് ചെയ്തതും പറഞ്ഞ ശേഷം പിന്നെയും ആദ്യത്തെ രണ്ടു ദിവസങ്ങളിലേക്ക്, ഘട്ടങ്ങളിലേക്ക് മടങ്ങുകയാണ്. ഇവിടെ പരാമർശിക്കുന്ന ആകാശം ഭൂമി ഉൾപ്പെടെയുള്ള ഗ്രഹങ്ങൾ സ്ഥിതിചെയ്യുന്ന പ്രപഞ്ചമാണ്. اسْتَوَىٰ إِلَى السَّمَاءِ എന്നാൽ പ്രപഞ്ചത്തിലേക്ക് ശ്രദ്ധ തിരിച്ചു, അതു കൈകാര്യം ചെയ്തു തുടങ്ങി. പ്രപഞ്ചം ആദ്യ ഘട്ടത്തിൽ കേവലം ധൂളിയായിരുന്നു. ആ ധൂളിയിൽനിന്ന് ഭൂമിയും ഇതര ഗോളങ്ങളും സൗരയൂഥങ്ങളും ഗാലക്സികളുമെല്ലാം ഉളവാകണമെന്ന് അല്ലാഹു ആസൂത്രണം ചെയ്തിരുന്നു. إِئْتِيَا - ഉളവായി വരുവിൻ എന്ന അല്ലാഹുവിന്റെ ഉത്തരവുണ്ടാകുന്നതുവരെ അവ ഭൗതിക രൂപം പ്രാപിച്ചിരുന്നില്ല. എങ്കിലും അല്ലാഹുവിന്റെ അനാദിയായ വിധിയിൽ അവയുടെ യാഥാർഥ്യം ഉണ്ടായിരുന്നു. യാഥാർഥ്യം ഭൗതിക രൂപം പ്രാപിക്കാനുള്ള ഉത്തരവാണ് ائْتِيَا طَوْعًا أَوْ كَرْهًا എന്ന വാക്യം. كُنْ- ഭവിക്കുക എന്ന ഉത്തരവിന്റെ മറ്റൊരു ഭാഷ്യമാണിത്. ഉത്തരവാദിത്തം നിർബന്ധത്തിനും സമ്മർദത്തിനും വഴങ്ങിയിട്ടല്ലാതെ സ്വയം സന്നദ്ധമായി നിർവഹിക്കുകയാണ് طَوْع. സ്വയം സന്നദ്ധനായി നിർവഹിക്കുന്നവൻ (Volunteer) طائع ആകുന്നു. ائْتِيَا طَوْعًا أَوْ كَرْهًا قَالَتَا أَتَيْنَا طَائِعِينَ എന്ന വചനം മൂന്നു കാര്യങ്ങളെ സൂചിപ്പിക്കുന്നു. ഒന്ന്, ഈ സൃഷ്ടികൾക്ക് അവയുടേതായ ഇഛാശക്തിയുണ്ട്. ദൈവാജ്ഞയുടെ അനുസരണമെന്നപോലെ ലംഘനവും അവർക്കിഛിക്കാനാവും. അവ ആ സ്വാതന്ത്ര്യം -അനുസരണം- തെരഞ്ഞെടുത്ത് ഉപയോഗിക്കുകയായിരുന്നു. അതായത് ദൈവാജ്ഞ ലംഘിക്കാനുള്ള സ്വാതന്ത്ര്യം അവ ഉപേക്ഷിച്ചു. അതനുസരിക്കാനും ധിക്കരിക്കാനുമുള്ള സ്വാതന്ത്ര്യം കൈവശം വെക്കുക ഭാരിച്ച ഉത്തരവാദിത്തമാണ്. ആ ഉത്തരവാദിത്തഭാരം ഏറ്റെടുക്കാൻ പ്രപഞ്ചം വിസമ്മതിക്കുകയായിരുന്നു. സൃഷ്ടികളിൽ മനുഷ്യൻ മാത്രമേ അതേറ്റെടുക്കാൻ ധൈര്യപ്പെട്ടിട്ടുള്ളൂ. ഇക്കാര്യം 33:72-ൽ ഇപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്:

إِنَّا عَرَضْنَا الْأَمَانَةَ عَلَى السَّمَاوَاتِ وَالْأَرْضِ وَالْجِبَالِ فَأَبَيْنَ أَن يَحْمِلْنَهَا وَأَشْفَقْنَ مِنْهَا وَحَمَلَهَا الْإِنسَانُ

(ആകാശ ഭൂമികൾക്കും പർവതങ്ങൾക്കും നാം ഈ ഉത്തരവാദിത്തം വച്ചുനീട്ടിയപ്പോൾ അവയൊക്കെയും അതേറ്റെടുക്കാൻ വിസമ്മതിച്ചു. എല്ലാവരും അതിന്റെ ഗൗരവത്തിൽ സംഭീതരായി. പക്ഷെ മനുഷ്യൻ അതേറ്റെടുത്തു). അതോടെ അല്ലാഹുവിനോടുള്ള വിധേയത്വം പ്രപഞ്ചത്തിന്റെ അനിഷേധ്യ സ്വഭാവമായിത്തീർന്നു. 3:83-ൽ ഉണർത്തുന്നു:

أَفَغَيْرَ دِينِ اللَّهِ يَبْغُونَ وَلَهُ أَسْلَمَ مَن فِي السَّمَاوَاتِ وَالْأَرْضِ طَوْعًا وَكَرْهًا وَإِلَيْهِ يُرْجَعُونَ ﴿٨٣﴾

നിർദേശങ്ങൾ അനുസരിച്ചു പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. നിരന്തരം അവന്റെ വിശുദ്ധിയും സ്തുതിയും പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. അവ ഇതൊക്കെ ചെയ്യുന്നതെങ്ങനെയെന്നത് നമുക്കജ്ഞേയമാകുന്നു.

تُسَبِّحُ لَهُ السَّمَاوَاتُ السَّبْعُ وَالْأَرْضُ وَمَن فِيهِنَّ وَإِن مِّن شَيْءٍ إِلَّا يُسَبِّحُ بِحَمْدِهِ وَلَٰكِن لَّا تَفْقَهُونَ تَسْبِيحَهُمْ إِنَّهُ كَانَ حَلِيمًا غَفُورًا ﴿٤٤﴾

(സപ്തവാനങ്ങളും ഭൂലോകവും അവയിലുള്ളതൊക്കെയും അവന്റെ വിശുദ്ധി പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കുകയാകുന്നു. അവന്റെ സ്തുതി കീർത്തനം ചെയ്യാതെ യാതൊരു വസ്തുവുമില്ല. പക്ഷെ, അവയുടെ കീർത്തനം നിങ്ങൾക്കജ്ഞേയമാകുന്നു. അവൻ ഏറെ കനിവുറ്റവനും പൊറുക്കുന്നവനും തന്നെയാകുന്നു -17:44). ●

(ജനം അല്ലാഹുവിനോടുള്ള വിധേയത്വമല്ലാത്ത ധർമ സരണി തേടുകയാണോ, വാനഭുവനങ്ങളിലുള്ളതൊക്കെയും സ്വേഛയാലും നിർബന്ധിതമായും അവനു മാത്രം സമർപ്പിതരായിരിക്കെ).

രണ്ട്, പ്രപഞ്ചത്തോട് സംഭവിക്കാനാജ്ഞാപിച്ചപ്പോൾ അതു സംഭവിച്ചത് നിർബന്ധിതമായിട്ടോ ബലാൽക്കാരം കൊണ്ടോ അല്ല; സ്വയം തൃപ്തിപ്പെട്ടു സന്നദ്ധമായിട്ടാണ്. أَتَيْنَا طَائِعِينَ എന്ന വാക്യം അതാണ് വ്യക്തമാക്കുന്നത്. ഒരുവേള അതു സംഭവിക്കാനിഷ്ടപ്പെട്ടിരുന്നില്ലെങ്കിൽ നിർബന്ധിതമായി സംഭവിക്കുമായിരുന്നു. കാരണം അതിന്റെ ഉളവാകൽ അല്ലാഹുവിന്റെ അലംഘനീയമായ വിധിയാകുന്നു.

മൂന്ന്, പ്രപഞ്ചത്തിലെ സചേതനവും അചേതനവുമായ എല്ലാ വസ്തുക്കളും അല്ലാഹുവിന്റെ കൽപനകൾ ഗ്രഹിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നുണ്ട്. എല്ലാം അവന്റെ

---

فَقَضَىٰهُنَّ سَبْعَ سَمَٰوَاتٍ فِى يَوْمَيْنِ وَأَوْحَىٰ فِى كُلِّ سَمَآءٍ أَمْرَهَا ۚ وَزَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِمَصَٰبِيحَ وَحِفْظًا ۚ ذَٰلِكَ تَقْدِيرُ ٱلْعَزِيزِ ٱلْعَلِيمِ ﴿١٢﴾

12. അങ്ങനെ അവൻ രണ്ടു നാളിൽ സപ്തവാനങ്ങൾ സംവിധാനിച്ചു ഓരോ വാനത്തിനും അതിന്റെ ധർമം ബോധനം ചെയ്തു. സമീപവാനം ദീപാലംകൃതവും സുരക്ഷിതവുമാക്കി. ഇതൊക്കെയും അജയ്യനും സർവജ്ഞനുമായ സാക്ഷാൽ ദൈവത്തിന്റെ ആസൂത്രിത സംവിധാനമത്രെ.

**12**

فَقَضَاهُنَّ = അങ്ങനെ അവൻ അവയെ വിധിച്ചു (സംവിധാനിച്ചു)

سَبْعَ سَمَاوَاتٍ = സപ്തവാനങ്ങളായിട്ട് فِي يَوْمَيْنِ = രണ്ടു നാളുകളിൽ

وَأَوْحَىٰ فِي كُلِّ سَمَاءٍ = എല്ലാ ഓരോ വാനത്തിലും അവൻ ബോധനം ചെയ്തു أَمْرَهَا = അതിന്റെ കാര്യം (ധർമങ്ങൾ)

وَزَيَّنَّا السَّمَاءَ الدُّنْيَا بِمَصَابِيحَ = താഴ്‌വാനം നാം ദീപങ്ങൾ കൊണ്ട് അലങ്കരിച്ചു (സമീപവാനം ദീപാലംകൃതമാക്കി)

وَحِفْظًا = സുരക്ഷ(ിതവും)യും ആക്കി ذَٰلِكَ = അത് (ഇതൊക്കെയും)

تَقْدِيرُ = കണക്കാക്കൽ, നിശ്ചയിക്കൽ (ആസൂത്രിത സംവിധാനമത്രെ)

الْعَزِيزِ الْعَلِيمِ = സർവജ്ഞനായ അജയ്യന്റെ (അജയ്യനും സർവജ്ഞനുമായ സാക്ഷാൽ ദൈവത്തിന്റെ)

قَضَاهُنَّ-യുടെ ഭാഷാർഥം അവയെ വിധിച്ചു എന്നാണ്. കാര്യം നിർവഹിച്ചു, കർമം പൂർത്തിയാക്കി, അവസാനിപ്പിച്ചു, സംവിധാനിച്ചു പ്രാവർത്തികമാക്കി തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കും. ഇവിടെ ഉദ്ദേശ്യം, ഉളവായി വന്ന ആകാശലോകത്തെ സപ്തവാനങ്ങളായി സംവിധാനിച്ചു പ്രവർത്തിപ്പിച്ചു എന്നാണ്. അതു രണ്ടു നാളിൽ-ഘട്ടങ്ങളിൽ ആയിട്ടാണ് സംഭവിച്ചത്. തുടർന്ന് ഓരോ ആകാശത്തിനും അതിന്റെ ധർമം ബോധനം ചെയ്തു. അതായത് ഓരോ ആകാശവും ഉൾക്കൊള്ളേണ്ട ഗോളങ്ങൾ, അവയുടെ സ്ഥാനം, ഭ്രമണപഥം, ഭ്രമണ വേഗം തുടങ്ങിയവ അവയുടെ പ്രകൃതി ധർമങ്ങളായി നിശ്ചയിച്ചുകൊടുത്തു. ഭൂമിയോട് അടുത്ത അഥവാ ഭൂമി ഉൾക്കൊള്ളുന്ന വാനത്തെ ദീപാലംകൃതവും സുരക്ഷിതവുമാക്കുകയും ചെയ്തു. ഇതെല്ലാം അജയ്യനും സർവജ്ഞനുമായ ഒരസ്തിത്വം- ഏകനായ അല്ലാഹു ആസൂത്രണം ചെയ്ത് ഉളവാക്കിയ പ്രതിഭാസങ്ങളാകുന്നു.

ഈ സൂക്തം പരാമർശിക്കുന്ന രണ്ടുനാൾ, 9-ാം സൂക്തം പരാമർശിച്ച രണ്ടു നാൾ തന്നെയാകുന്നു. ആ രണ്ടുനാളും പത്താം സൂക്തം പറഞ്ഞ നാലു നാളും ചേർന്നതാണ് പ്രപഞ്ച സൃഷ്ടിയുടെ ഘട്ടങ്ങൾ. പ്രപഞ്ച സൃഷ്ടി നടന്നത് ആറു ദിവസങ്ങളിലാണെന്ന് ഖുർആൻ നിരവധി സ്ഥലങ്ങളിൽ അനുസ്മരിക്കുന്നുണ്ട്. ഉദാ: 10:3, 11:7, 25:59. ഈ സൂക്തം സൂചിപ്പിക്കുന്ന രണ്ടുനാൾ മുകളിൽ പറഞ്ഞ 6 നാളുകളിൽ പെട്ടതല്ല എന്നവച്ചാൽ പ്രപഞ്ച സൃഷ്ടി നടന്നത് എട്ടുനാളുകളിലാണെന്ന് കരുതേണ്ടി വരും. ഖുർആൻ കൃത്യമായും ആവർത്തിച്ചും പ്രസ്താവിച്ചിട്ടുള്ളതിനെതിരാണത്. മാത്രമല്ല, ഭൂമിയുടെ സൃഷ്ടി പൂർത്തിയായി അതിൽ അനുഗ്രഹങ്ങളും ആഹാരങ്ങളും ചൊരിഞ്ഞ് വാസയോഗ്യവും ജീവിതക്ഷമവുമാക്കി കഴിഞ്ഞ ശേഷമാണ് ആകാശത്തിന്റെ സൃഷ്ടി എന്നും പറയേണ്ടി വരും. എന്നാൽ ഭൂമി ജൈവികവും വാസക്ഷമവുമാകുന്നത് നിശ്ചിത അകലത്തിലുള്ള സൂര്യ സാന്നിധ്യം കൊണ്ടും അതിനെ ആശ്രയിച്ചുള്ള ഭൂമിയുടെ കറക്കം കൊണ്ടുമാണെന്ന കാര്യം അനിഷേധ്യമാകുന്നു. അതിനാൽ ആകാശം സംഭവിക്കുന്നതിന് മുമ്പ് ഭൂമി ഉണ്ടായെങ്കിൽ ആ ഉണ്മ ഉണ്ടാവാനുള്ള സാധ്യത (Potential existence) ആയിരുന്നു. ഭൂമിയുടെ അസ്തിത്വം യാഥാർഥ്യമായത് ആകാശം നിലവിൽ വന്ന ശേഷമാണ്. ●